നടപ്പിലാക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിരുന്നതെങ്കിലും 1995-ൽ നിലവിലുണ്ടായിരുന്ന എം.ഇ.പി.യിൽനിന്നും എംപ്ലീക്മെന്റ് ചാർജ് നീക്കം ചെയ്തു. എം.ഇ.പി. പുനർനിർണ്ണയം ചെയ്യുകയാണുണ്ടായത്. മാത്രമല്ല കയർ ജിയോടെക്സ്റ്റയിൽസ്, പവർലൂം മാറ്റ്സ് ആൻഡ് മാറ്റിംഗ് എന്നിവയ്ക്കും പൂർണ്ണമായും എം.ഇ.പി.യുടെ പരിധിയിൽ നിന്നും നീക്കം ചെയ്യുകയാണുണ്ടായത്.

## കയർഫെഡിന്റെ പ്രവർത്തനങ്ങൾ

34 (1375)ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചകിരിച്ചോറിൽ നിന്നും കടലാസ് ഉൽപാദിപ്പിക്കുന്ന പുതിയ പദ്ധതിയ്ക്ക് കയർഫെഡ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിമൂലം പുതുതായി എത്രപേർക്ക് തൊഴിൽ ലഭിക്കും എന്നറിയിക്കുമോ;

(സി) നടപ്പുവർഷം പുതിയതായി കയർഫെഡ് ഷോറൂമുകൾ തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചകിരിച്ചോറിൽനിന്നും കടലാസ് ഉൽപ്പാദിപ്പിക്കുന്ന പുതിയ പദ്ധതിയെക്കുറിച്ച് കയർഫെഡ് പ്രാരംഭ പഠനം നടത്തിവരുന്നു. പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പദ്ധതിക്ക് രൂപം നൽകുകയുള്ളൂ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. നടപ്പുവർഷം ഉത്തരേൻഡ്യയിൽ നാസിക്ക്, പൂന, അഹമ്മദ്നഗർ, മുംബൈ, റായ്പൂർ, ഷോലാപൂർ, രത്നഗിരി, അകോള, ഔറംഗാബാദ്, വാരണാസി, ഡാർജിലിംഗ്, മുസൂരി, നൈനിറ്റാൾ, അലഹബാദ്, മീററ്റ്, അലിഗർ, ബിജാപൂർ, ഡെറാഡൂൺ, മുസാഫിർ നഗർ, മിർസാപൂർ എന്നീ സ്ഥലങ്ങളിൽ ഷോറൂമുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

## കയർ ഗ്രാമങ്ങളെ ദത്തെടുക്കുന്നതിനു നടപടി

35(1376)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഗ്രാമങ്ങളെ ദത്തെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly